LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 20, ചൊവ്വ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2004 ജൂലൈ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ *1 [401]

സമഗ്ര ടൂറിസം വികസന പദ്ധതി

*1 [401]. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ കെ. ജയചന്ദ്രൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ വൈദ്യുതി ബോർഡും ടൂറിസം ഡിപ്പാർട്ടുമെന്റും ചേർന്ന് പ്രോജക്ടുകൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

2/53/2013—2.

(സി) ടൂറിസം രംഗത്ത് പലവകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്രമായ ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) പരിശോധിക്കുന്നതാണ്.

(ബി) ഹൈഡൽ ടൂറിസം വൈദ്യുതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇപ്പോൾ നടന്നുവരുന്നത്. മൂന്നാറിലെ മാട്ടുപ്പെട്ടി, കുണ്ടള എന്നീ ഡാമുകളിലാണ് ഇപ്പോൾ വൈദ്യുതി വകുപ്പ് ഹൈഡൽ ടൂറിസം നടപ്പിലാക്കിയിട്ടുള്ളത്. മൂന്നാറിലെ "രാമസ്വാമി അയ്യർ ഹെഡ് വർക്ക്സിന്" സമീപമുള്ള 16 ഏക്കർ സ്ഥലത്ത് ഒരു പാർക്കും അതിനോടനുബന്ധിച്ച് ബോട്ടിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മാട്ടുപ്പെട്ടി ജലാശയത്തിൽ സ്പീഡ് ബോട്ടിംഗ്, സ്ലോ ബോട്ടിംഗ് എന്നീ സൗകര്യങ്ങളും കുണ്ടളയിൽ ഷിക്കാര, പെഡൽ ബോട്ട്, റോബോട്ട് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ് മുതലായ ഉത്സവകാലങ്ങളിൽ ഇടുക്കി ആർച്ച് ഡാം സന്ദർശകർക്കായി തുറന്നു കൊടുക്കുന്നതോടൊപ്പം ഇടുക്കി ജലസംഭരണിയിൽ ബോട്ടിംഗിനുള്ള സൗകര്യങ്ങളും ഹൈഡൽ ടൂറിസം മുഖേന ഏർപ്പെടുത്താറുണ്ട്.

(സി) വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ടൂറിസവുമായി ബന്ധപ്പെട്ട പരിപാടികൾ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു അപ്പെക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രധാനമായും പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ്, ജലവിഭവ വകുപ്പ് എന്നിവ മുഖേനയാണ് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ടൂറിസവുമായി ബന്ധപ്പെട്ട പരിപാടികൾ ഏകോപിപ്പിക്കുന്നതിന് ഒരു അപ്പെക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അതിന്റെ ചെയർമാൻ മുഖ്യമന്ത്രിയാണെന്നും അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ള ചോദ്യം, ഇന്റർ നാഷണൽ ടൂറിസം മാപ്പിൽ കേരളത്തിലെ ടൂറിസം ഡെസ്റ്റിനേഷനെ സംബന്ധിച്ച് പറയുന്ന ഭാഗത്ത് ഉത്തര മലബാറിന്റെ സ്ഥാനം വളരെ പരിമിതമാണ്. ഉത്തര മലബാർ തെയ്യത്തിന്റേയും തിറയുടേയും മറ്റ് കലാരൂപങ്ങളുടേയും ആയോധനകലയുൾപ്പെടെയുള്ള പാരമ്പര്യ കലകളുടേയും എല്ലാം നാടാണെന്നു മാത്രമല്ല അവിടെയുള്ള ബേക്കൽക്കോട്ടയും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്ഥലങ്ങളും വളരെയധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രംകൂടിയാണ്. ഇരിക്കൂർ മണ്ഡലത്തിലെ ബേക്കൽ മലയും അനേകമായിരം ആളുകളെ ആകർഷിക്കുന്ന കേന്ദ്രമാണ്. ഇതെല്ലാമായി ബന്ധപ്പെടുത്തി, വിവിധ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഉത്തര മലബാറിന്, പ്രധാനപ്പെട്ട ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്നുള്ള നിലയിൽ ടൂറിസം ഭൂപടത്തിൽ സ്ഥാനം ലഭിക്കാൻ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാൻ ആയിട്ടുള്ള കമ്മിറ്റി നേതൃത്വം കൊടുത്തുകൊണ്ട്, ഒരു പുതിയ പ്രോജക്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> ഇപ്പോൾത്തന്നെ 'ഐഡന്റിഫൈഡ് ടൂറിസം ഡെസ്റ്റിനേഷൻ ഓഫ് കേരള' ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മലബാറിലെ ബേക്കൽ, മുഴുപ്പിലങ്ങാട്, വയനാട് എന്നിവ ഉൾപ്പെടുന്നുണ്ട്. ഇതെല്ലാം ഇപ്പോൾത്തന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ കൂടുതൽ വികസന പദ്ധതികൾ ആ പ്രദേശത്ത് നടപ്പിലാക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ ഗവൺമെന്റ് ചെലുത്തുന്നതാണ്. മുഖ്യമന്ത്രി ചെയർമാൻ ആയിട്ടുള്ള കമ്മിറ്റി വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഉത്തര മലബാറിന്റെ ടൂറിസം വികസനത്തിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നതാണ്.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> സർ, ഇപ്പോൾ കർക്കിടക മാസം ആണല്ലോ. കർക്കിടക മാസം ആരംഭിക്കുന്നതോടെ കേരളത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മൺസൂൺ ഹെൽത്ത് ടൂറിസം സജീവമായതിനാൽ വളരെ തിരക്കുപിടിച്ച ദിവസങ്ങളാണ്, കോവളത്തും കുമരകത്തും ഹോട്ടലുകളിലും അതുപോലെ ആലപ്പുഴയിൽ ബോട്ടുകളിലും ആയുർവേദ സുഖ ചികിൽസാകേന്ദ്രങ്ങൾ ഈ അവസരത്തിൽ വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളെല്ലാം വളരെ യോഗ്യരായവർതന്നെയാണോ നടത്തുന്നത്; ഏറ്റവും നല്ല രീതിയിലാണോ നടത്തുന്നത്; ഇവ ഗവൺമെന്റിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളാണോ; തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ; കേരളത്തിന്റെ ആയുർവേദ പാരമ്പര്യത്തേയും സംസ്കാരത്തേയുമെല്ലാം ഉൾക്കൊണ്ടുകൊണ്ടാണോ ഇതെല്ലാം പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാൻ വല്ല സംവിധാനവുമുണ്ടോ; അങ്ങനെ എന്തെങ്കിലും നടപടികൾ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> സർ, ആയുർവേദ ചികിൽസാകേന്ദ്രങ്ങൾ ടൂറിസം വികസനത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടായി വരുന്നുണ്ട്. ഇവയെക്കുറിച്ചെല്ലാം ചില പരാതികളും ഉയർന്നുവന്നിട്ടുണ്ട്. ടൂറിസം വകുപ്പും ആരോഗ്യവകുപ്പും ഇക്കാര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> സർ, കേരളത്തിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു അപ്പെക്സ് കമ്മിറ്റി നിലവിലുണ്ട് എന്നത് സ്വാഗതാർഹമാണ്. അതോടൊപ്പം തന്നെ ഇവിടെ പറഞ്ഞ മറുപടിപ്രകാരം ഏറ്റവും പ്രധാനമായി ഇടുക്കി ജില്ലയാണ് ടൂറിസം രംഗത്ത് ഇപ്പോൾ പ്രയോജനപ്പെട്ടിട്ടുള്ളത് എന്നാണ് കാണുന്നത്. പ്രത്യേകിച്ച് ഇടുക്കി ജില്ലയുടെ കാലാവസ്ഥ ഏറ്റവും ആകർഷണീയമായ കാലാവസ്ഥയാണ്. നേരത്തെ മഴയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള, ആ സന്ദർഭങ്ങളിൽ ടൂറിസ്റ്റുകൾ വരുമായിരുന്നില്ല. ഇപ്പോൾ അവർ മഴക്കാലത്തും വരുന്നുണ്ട്. അവിടെ വളരെ അനുകൂലമായ കാലാവസ്ഥയും പ്രകൃതി രമണീയമായ അന്തരീക്ഷവും നിലനിൽക്കുന്ന സാഹചര്യത്തിൽ വാഗമൺ ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട എല്ലാ പ്രദേശങ്ങളേയും ഉൾപ്പെടുത്തി ടൂറിസം പ്രൊമോഷനുവേണ്ടി ഒരു പ്രത്യേകമായ പാക്കേജ് പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> സർ, ഇപ്പോൾ തന്നെ ഇടുക്കിയിലെ വളരെ പ്രധാനപ്പെട്ട തേക്കടി, മൂന്നാർ, വാഗമൺ എന്നീ പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നിരവധി പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇടുക്കി ഡിസ്ട്രിക്റ്റിലെ മൂലമറ്റം-ഉളുപ്പുണ്ണി-കോട്ടമല റോഡിന്റെ നിർമ്മാണത്തിനായി ഏതാണ്ട് 3,82,00,000 രൂപയോളം മാറ്റിവച്ചിട്ടുണ്ട്. അതുപോലെ തന്നെ മൂന്നാറിൽ ഓഗ്മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ സ്കീം, ഇടുക്കിയിൽ കുട്ടിക്കാനം-ഏലപ്പാറ-വാഗമൺ റോഡിന്റെ ഇംപ്രൂവ്മെന്റ്, ഡവലപ്മെന്റ് ഓഫ് ബേസിക് ടൂറിസം അമിനിറ്റീസ് ഇൻ മൂന്നാർ ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ആകർഷണീയമായ ടൂറിസ്റ്റ് കേന്ദ്രം എന്നുള്ള നിലയ്ക്ക് ഇടുക്കി ജില്ലയിലെ ഈ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പൂളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> സർ, ടൂറിസം രംഗത്ത് സ്വകാര്യ സംരംഭകരുമായി ചേർന്നുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അഞ്ചുരുളിയിൽ കഴിഞ്ഞ പ്രാവശ്യം അഞ്ചുരുളി ഫെസ്റ്റിവൽ ഉൽഘാടനം ചെയ്തത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനാണ്. അദ്ദേഹത്തിന്റെ കൂടി നിർദ്ദേശത്തിന് വിധേയമായി അവിടെ ഒരു പ്രോജക്ട് തയ്യാറാക്കിവന്നിട്ടുണ്ട്. അതിന്റെ നടത്തിപ്പ് അടിയന്തിരമായി തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പംതന്നെ ചപ്പാത്ത്-ചങ്കര-കുമിളിയുമായി ബന്ധപ്പെടുന്ന ഒരു ഷോർട്ട് റൂട്ടാണ്; റൂറൽ ഏരിയായിൽക്കൂടി പോകുന്നതാണ്. ആ റോഡിന്റെ നിർമ്മാണത്തെ സംബന്ധിച്ചും ഈ ടൂറിസം വികസന ത്തിന്റെ ഭാഗമായി ആലോചിക്കുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> സർ, സ്വകാര്യ സംരംഭങ്ങൾക്ക് പരമാവധി പ്രോൽസാഹനവും സഹായവും നൽകുന്ന ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പക്ഷെ നിരവധി ടൂറിസം വികസന പദ്ധതികൾ ഗവൺമെന്റിന്റെ മാത്രം സഹായംകൊണ്ട് നടപ്പിലാകുന്നതല്ല. പൊതുജന സഹകരണവും പൊതുപ്രവർത്തകരുടെയൊക്കെ സഹകരണവും ഇതിന് ആവശ്യമാണ്. അതുപോലെ പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ട് പല റോഡുകളുടേയും പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നുണ്ട്. ഏറ്റവും അടിയന്തിര ഘട്ടങ്ങളിൽ ടൂറിസം വകുപ്പുതന്നെ ചില റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഇത് പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ടൂറിസം വകുപ്പ് അൻപത്തിയാറോളം വന മേഖലകളിൽ ഇക്കോ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പദ്ധതി തയ്യാറാക്കുകയും നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി അതിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കാടിനും അതിന്റെ ആവാസവ്യവസ്ഥയ്ക്കും ഒന്നും ദോഷമില്ലാത്ത രീതിയിൽ ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ; തൃശ്ശൂർ ജില്ലയിൽ ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞു. ഫോറസ്റ്റ് വകുപ്പ് ടൂറിസം വകുപ്പുമായി ചേർന്ന് ഇക്കോ ടൂറിസം ഡെവലപ്മെന്റിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന്. ഈ പറഞ്ഞ പദ്ധതികൾ ആവാസ വ്യവസ്ഥയ്ക്കൊന്നുംതന്നെ അപകടം സംഭവിക്കാത്ത രൂപത്തിലാണ് നടപ്പിലാക്കുന്നത്. അക്കൂട്ടത്തിൽ തൃശ്ശൂർ ജില്ലയേയും ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം രണ്ടര ലക്ഷത്തിലധികം വിദേശ ടൂറിസ്റ്റുകളും 56 ലക്ഷത്തിലധികം ആഭ്യന്തര ടൂറിസ്റ്റുകളും സന്ദർശനം നടത്തിയിട്ടുണ്ട്. ഇത് ഉൾപ്പെടെ ടൂറിസം രംഗത്ത് ഉണ്ടായിട്ടുള്ള വളർച്ചയെയാണ് കാണിക്കുന്നത്. അതോടൊപ്പം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നമ്മുടെ സംസ്കാരത്തിന് നിരക്കാത്ത രീതിയിലുള്ള പെരുമാറ്റം ഉണ്ടാകുന്നതായി പരാതിയുണ്ട്. കായൽ ടൂറിസവുമായി ബന്ധപ്പെട്ട് ഹൗസ് ബോട്ടുകളിൽ വിദേശ ടൂറിസ്റ്റുകളെ ആക്രമിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനും അതുപോലെ നമ്മുടെ സംസ്കാരത്തിന് യോജിച്ച രീതിയിലും വികസന പദ്ധതികളാവിഷ്കരിക്കാനും ടൂറിസം മേഖലയിലുള്ള മോശപ്പെട്ട പ്രവണത തിരുത്താനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വിദേശ ടൂറിസ്റ്റുകളുടേയും ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടേയും എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ കണക്കിൽ വ്യത്യാസമുണ്ട്. കഴിഞ്ഞ വർഷം മൂന്ന് ലക്ഷത്തോളം വിദേശ ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 26 ശതമാനം വർദ്ധനവുണ്ട്. ഡൊമസ്റ്റിക് ടൂറിസ്റ്റുകളായി 59 ലക്ഷത്തോളം ആളുകൾ കേരളത്തിൽ വന്നിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ 6 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. അവരോട് മാന്യമായി പെരുമാറാനും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്കാരത്തിന് നിരക്കാത്ത രൂപത്തിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിനും നിലവിലുള്ള നിയമം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ അവബോധം ഉണ്ടാകേണ്ടതാവശ്യമാണ്. കാശ്മീർ പോലെയുള്ള സംസ്ഥാനങ്ങളിലുള്ളതുപോലെ ടൂറിസ്റ്റുകളോട് അപമര്യാദയായി പെരുമാറിയാൽ കർശന നടപടി എടുക്കുന്നതിനുള്ള നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതാണ് എന്നുള്ള അഭിപ്രായമാണുള്ളത്. അതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. പി. പി. ജോർജ്: സർ, നെയ്യാർ, മലമ്പുഴ, തേക്കടി ഇവയെപ്പോലെ ടൂറിസം രംഗത്ത് വികസിപ്പിച്ചെടുക്കാവുന്ന ഒരു സ്കീമാണ് തൃശൂർ ജില്ലയിലെ പീച്ചി. രണ്ടു വ്യാഴവട്ടക്കാലമായി അതിനുണ്ടായിട്ടുള്ള അവഗണന മാറ്റിയെടുക്കണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി (സി) ചോദ്യത്തിനുത്തരമായി ടൂറിസവുമായി ബന്ധപ്പെട്ട പരിപാടികൾ അപ്പെക്സ് കമ്മിറ്റിയുടെ പരിഗണനയിലാണെന്ന് പറഞ്ഞു. പീച്ചിയുടെ ടൂറിസം വികസനത്തിന് പ്രത്യേകമായ ഒരു സ്കീമുണ്ടാക്കി വികസിപ്പിച്ചെടുക്കാനുള്ള പരിശ്രമം നടത്തുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, തീർച്ചയായിട്ടും അതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതുപോലെതന്നെ പ്രോൽസാഹിപ്പിക്കാവുന്നതാണ് ആഭ്യന്തര ടൂറിസവും. നിയമസഭയിൽ കഴിഞ്ഞ വർഷം തന്ന കണക്ക് ഗുരുവായൂരിൽ 13,08,870 ടൂറിസ്റ്റുകൾ വന്നു എന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ അമ്പലങ്ങൾ, പള്ളികൾ തുടങ്ങി ആളുകളെ അട്രാക്ട് ചെയ്യുന്ന കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് കാടും കടലോരവുമായി ബന്ധിപ്പിച്ചുകൊണ്ട്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി, ഇടത്തരക്കാർക്ക് പ്രത്യേക സൗകര്യം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇപ്പോൾത്തന്നെ പിൽഗ്രിം ടൂറിസം വ്യാപകമായി വരികയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതിനാവശ്യമായ യാത്രിനിവാസുകൾ പലതും നിലവിലുണ്ട്. ഇതിനൊക്കെ കൂടുതൽ മെച്ചപ്പെട്ട സൗകര്യമുണ്ടാക്കും. കടലോരങ്ങളേയും ആരാധനാലയങ്ങളേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പാക്കേജ് പദ്ധതി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഹൈഡൽ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പെരിയാർ നദി കേന്ദ്രീകരിച്ച് ഒട്ടേറെ വികസന സാദ്ധ്യതകൾ ഈ രംഗത്ത് കാണാൻ കഴിയും. കാലടിയും മലയാറ്റൂരും തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ആ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് ഒട്ടേറെ വികസന പദ്ധതികളുടെ പ്രോജക്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ പ്രോജക്ടുകൾ എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, അതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. കാലടിയിലെ യാത്രിനിവാസിന്റെ പണി പൂർത്തിയായിട്ടുണ്ട്. മുതലക്കടവിൽ 50 ലക്ഷം രൂപ ചെലവഴിച്ചുള്ള പരിഷ്കരണ പരിപാടികൾ പൂർത്തീകരിച്ചുവരികയാണ്. ജലവിഭവ വകുപ്പും അതുപോലെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പദ്ധതി പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങളായിട്ടുമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾ ഈ കമ്മിറ്റിയിൽ ആലോചിച്ച് നടപ്പിലാക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ള മേഖലയാണ് ടൂറിസം. വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര ടൂറിസ്റ്റുകളേയും ആകർഷിക്കാൻ സാധിക്കുന്ന ഒട്ടനവധി കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. ഇത് വികസിപ്പിക്കുന്നതിനുള്ള മുഖ്യമായ തടസ്സം പണമില്ലായ്മയാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്തരം കേന്ദ്രങ്ങൾക്ക് അടിസ്ഥാന വികസന സൗകര്യം കൊടുക്കുന്നതിലാണ് ഗവണ്മെന്റ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെന്റ് അടിസ്ഥാന വികസന നിധിയുണ്ടാക്കിയിട്ടും എ.ഡി.ബി.-യിൽനിന്നും ലോണെടുത്തിട്ടുമൊന്നും ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതിനുവേണ്ട പ്രത്യേകമായ തുക അടിസ്ഥന വികസന നിധിയിൽനിന്നും കണ്ടെത്തി, ഒരു പ്രത്യേക തുക, ടൂറിസം മേഖലയുടെ വികസനത്തിനുവേണ്ടി നീക്കി വയ്ക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. അതിനെക്കുറിച്ച് ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

'ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മംകൂടി'.....എന്ന് ഒരു കവി പാടിയിട്ടുണ്ട്. കേരളത്തിന്റെ കാസർഗോഡ് മുതൽ പാറശ്ശാല വരെ പ്രകൃതി രമണീയമാണ്. ഇവിടേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക വിധം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യം പണമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ നിർദ്ദേശം ഗൗരവമായി ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, സമഗ്ര ടൂറിസം വികസനമാണല്ലോ നമ്മുടെ ഉദ്ദേശലക്ഷ്യം. ഇതിന്റെ സോഷ്യൽ ഇംപാക്ടിനെക്കുറിച്ച് വല്ല പഠനവും നടത്തിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, എല്ലാ തരത്തിലുള്ള വികസനത്തിനും അതിന്റേതായിട്ടുള്ള പ്രത്യാഘാതങ്ങളുണ്ട്. പ്രത്യേകിച്ച് ടൂറിസം പോലെയുള്ള വനിച്ച തൊഴിൽ സാദ്ധ്യതയുള്ള, വനന്യൂ വരുമാന സാദ്ധ്യതയുള്ളവയ്ക്ക്. ടൂറിസം വികസനത്തിന് സ്വാഭാവികമായും ചില സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാകും.

അതിനെക്കുറിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. നിരീക്ഷണങ്ങളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ട്. അതിൽ തടയേണ്ടത് ഗവണ്മെന്റ് പരമാവധി തടയുകയും ചെയ്യും. ടൂറിസം വികസിച്ചു വരികയും വേണം, എന്നാൽ യാതൊരു കുഴപ്പവും ഉണ്ടാവുകയുമരുത് എന്ന് പറയുന്നത് ഷൈലോക്കിന്റെ സമീപനമായിപ്പോകും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ലോകചരിത്രത്തിൽ ആദ്യമായാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ജലവൈദ്യുത പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ തയ്യാറായത്. പാലക്കാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മീൻവല്ലം ജലവൈദ്യുത പദ്ധതിക്ക് പവർ ഫിനാൻസ് കോർപ്പറേഷൻ പണം നൽകാമെന്ന് പറഞ്ഞിട്ട് ഗവണ്മെന്റ് ഗ്യാരന്റി നിൽക്കാത്തതിന്റെ പേരിൽ ആ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അത് വളരെ മനോഹരമായ, വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ ഒരു പ്രദേശമാണ്. ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മീൻവല്ലം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയാണ് പ്രധാന ചോദ്യം. അവിടെ ആ പദ്ധതി നടപ്പിലാക്കുന്നില്ലെങ്കിൽ നമുക്ക് തീർച്ചയായിട്ടും അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഓരോ ഇഞ്ചും പൊന്നാണെന്ന് ഇവിടെ പറയുകയുണ്ടായി. മദ്ധ്യകേരളം തടാകങ്ങൾകൊണ്ട് നിറഞ്ഞ പ്രദേശമാണ്. എന്റെ നിയോജകമണ്ഡലത്തിൽ തടാകങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഡി.ടി.പി.സി.-യുടെ സഹായത്തോടുകൂടി ടൂറിസം വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് പ്രയോറിറ്റി നിശ്ചയിക്കുമ്പോൾ ഇതുപോലെയുള്ള തടാകങ്ങളുടെ വികസനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത് ഓൺ ഗോയിംഗ് പ്രോഗ്രാമിൽ കഴിയുന്നത്ര വേഗം തീർക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അത് പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയും ഇവിടെ സംസാരിച്ച എല്ലാവരും, ടൂറിസവുമായി ബന്ധപ്പെട്ട് വികസിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളും കേരളത്തിന്റെ എല്ലാ ഭാഗത്തുമുണ്ടെന്ന് പറഞ്ഞു. ആ സാദ്ധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ടൂറിസം വകുപ്പും അതുപോലെയുള്ള മറ്റ് വകുപ്പുകളും ചേർന്നുകൊണ്ട് ഒരു പുതിയ പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ; എന്റെ നിയോജകമണ്ഡലത്തിലാണ് ലോകപ്രശസ്തമായ കേരള കലാമണ്ഡലം സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ട് അവിടെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമെന്ന് ഒരു വർഷംമുമ്പ് പറഞ്ഞു. യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരള കലാമണ്ഡലം അന്തർദേശീയ പ്രാധാന്യമുള്ള സ്ഥാപനമാണെന്ന നിലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇപ്പോൾത്തന്നെ കേരള കലാമണ്ഡലവുമായി ബന്ധപ്പെടുത്തി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ടൂറിസം വകുപ്പ് പല പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പും ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തി നിരവധി പദ്ധതികളും പല തരത്തിലുള്ള ദൃശ്യ മാധ്യമ പരിപാടികളുമൊക്കെ ആവിഷ്കരിച്ചിട്ടുണ്ട്. അത് കൂടുതൽ വ്യാപിപ്പിക്കുന്നതും അതിന് കൂടുതൽ പരിഗണന നൽകുന്നതുമാണ്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഥകളിയും അതുപോലെയുള്ള മറ്റ് കേരള കലകളും വളരെ സഹായകരമാണ്. അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

ശ്രീ. എ. കെ. മണി: സർ, ഈ ഗവൺമെന്റ് ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം സ്കീമുകൾ മൂന്നാറിലും മാട്ടുപ്പെട്ടിയിലും കൊണ്ടുവന്നതായി ഇവിടെ പ്രഖ്യാപിച്ചു. അതിന് വളരെ നന്ദിയുണ്ട്. മാട്ടുപ്പെട്ടിയിൽ അങ്ങ് വന്ന് താമസിച്ചതല്ലേ? അതിന്റെ മനോഹാരിത അങ്ങേക്ക് അറിയാം. എന്റെ ചോദ്യം, ധനകാര്യവകുപ്പുമന്ത്രിയുടെ സ്വന്തം നേതാവാണ് കാമരാജ്. അദ്ദേഹത്തിന്റെ പേരിലുള്ള കാമരാജ് മെമ്മോറിയൽ റോഡ്, കൊടൈക്കനാൽ-മൂന്നാർ റോഡ് ഈ ഗവൺമെന്റിന്റെ സംഭാവനയാണ്. ഇതൊക്കെ പ്രഖ്യാപിച്ചത് മുൻ ഗവൺമെന്റിന്റെ കാലത്തായിരുന്നു. ഇപ്പോൾ തേയില ഇൻഡസ്ട്രി വളരെ മോശപ്പെട്ട രീതിയിലാണ്; ഈ രംഗത്ത് തൊഴിൽ സാദ്ധ്യതയ്ക്കും മങ്ങലേറ്റിരിക്കുന്നു. മൂന്നാറിനെ സംബന്ധിച്ചിടത്തോളം ഈ സാഹചര്യത്തിൽ ഇത് കോമ്പൻസേറ്റ് ചെയ്യാൻ വേണ്ടി ഇവിടം ടൂറിസം ഇൻഡസ്ട്രി വികസിപ്പിക്കണം; അതിനു വളരെയധികം പൊട്ടൻഷ്യലായിട്ടുള്ള മേഖലയാണ് മൂന്നാർ. മൂന്നാറിന്റെ വികസനത്തിന് ഒരുപാട് പാക്കേജുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ക്ലീൻ കേരളയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഇവിടെ മൂന്നാറിലെ ഹൈഡൽ ടൂറിസം, എക്കോ ടൂറിസം, ഡി.റ്റി.പി.സി ഇതെല്ലാം മത്സരമാണ്. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടി ഇല്ലാതെയാകരുത്. എല്ലാവരും കൂടി ഒന്നിച്ച് അവസാനം ടൂറിസം ഇല്ലാത്ത മൂന്നാർ ഉണ്ടാകരുത് എന്നുള്ള ആശയം മനസ്സിലാക്കിക്കൊണ്ട് ഈ ഗവൺമെന്റിന്റെ ഫലപ്രദമായ പ്രവർത്തനം മുഖാന്തിരം ക്ലീൻ കേരളയും കൂടി ഉൾപ്പെടുത്തികൊണ്ട് മലയോര അതോറിറ്റിയുള്ളതുപോലെ ടൂറിസം അതോറിറ്റി രൂപീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

2/53/2013—3.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് അദ്ദേഹം വച്ചിട്ടുള്ളത്. ഇവിടെ തേയില പ്ലാന്റേഷനുകളിലുണ്ടായിട്ടുള്ള പ്രതിസന്ധിയെത്തുടർന്ന് മൂന്നാർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വിപുലമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ ഒരുപാട് ആളുകൾക്ക് തൊഴിൽ കിട്ടും. അതുപോലെ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന കാര്യവും ഗൗരവമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ആഭ്യന്തര ടൂറിസത്തിന് വലിയ പ്രാധാന്യം കൊടുക്കാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. നമ്മൾ സ്റ്റാർ ഹോട്ടലുകളൊക്കെ പണിയുകയാണ്, ഗൾഫാർ മുഹമ്മദാലിമാരെ ക്ഷണിക്കുകയാണ്. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക നിലയിലുള്ള ധാരാളം പ്രകൃതിരമണീയമായ സ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കണ്ണൂരിൽ തന്നെ ഐഡന്റിഫൈ ചെയ്തിട്ടുള്ള നിരവധി സ്ഥലങ്ങൾ മലയോരത്തും തീരദേശത്തുമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മുഴുപ്പിലങ്ങാട്. മുഴുപ്പിലങ്ങാട് ബീച്ച് ഡ്രൈവിംഗ് ബീച്ചായി, 5 കിലോമീറ്റർ ദൂരം കടൽത്തീരത്തിലൂടെ വാഹനത്തിൽ ഓടിച്ചുപോകാൻ കഴിയുന്ന കടൽത്തീരം മറ്റൊരു സ്ഥലത്തുമില്ല. അതുകൊണ്ട് ഡ്രൈവിംഗ് ബീച്ച്, ധർമ്മടം തുരുത്ത് ഇതെല്ലാം ഒരു പ്രത്യേക പാക്കേജായി പ്രഖ്യാപിച്ചുകൊണ്ട് അത് വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് അങ്ങ് പറഞ്ഞ മുഴുപ്പിലങ്ങാട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിന് പ്രത്യേകമായിട്ട് പാക്കേജ് ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. പക്ഷേ സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇതിൽ പ്രൈവറ്റ് പാർട്ടിസിപ്പേഷനാണ് തൽക്കാലത്തേക്ക് സ്വീകാര്യമായിട്ടുള്ളത്. അങ്ങനെ പ്രൈവറ്റ് പാർട്ടിസിപ്പേഷന് വരുന്ന ഗൾഫാർ മുഹമ്മദാലിമാരായാലും ആരായാലും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു സമീപനം കൂടി എടുത്താലേ ടൂറിസം വികസിക്കൂ. അല്ലാതെ ടൂറിസം വികസിക്കുകയും വേണം ഗൾഫാർ മുഹമ്മദാലിമാർ വരികയുമരുത് എന്നു പറഞ്ഞാൽ രണ്ടും കൂടി ഒരുമിച്ച് നടക്കില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇന്നലെയും ഇന്നുമായി ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. സയ്ദ് കേരളത്തിലെ എം.പി.-മാർക്ക് കേരളത്തിലെ രണ്ട് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ പോകുന്നത് സംബന്ധിച്ച് ഉറപ്പ് നൽകിയതായിട്ട് അറിയാൻ സാധിച്ചു. അതിലൊന്ന് എന്റെ നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി പദ്ധതിയാണ്. അതിരപ്പിള്ളിയിൽ അതിമനോഹരമായ ഒരു വെള്ളച്ചാട്ടമുണ്ട് ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ഇൻഡ്യയിലെ നമ്പർ വൺ വെള്ളച്ചാട്ടമാണ്. ആ വെള്ളച്ചാട്ടത്തിന് ഒരു കോട്ടവും തട്ടാത്ത സമ്പ്രദായത്തിൽ വേണം ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ എന്നുള്ള കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും കേരള സർക്കാർ അതിനൊരു ഉറപ്പ് നൽകുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ടൂറിസം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും അംഗീകരിക്കുന്നു. ലോകശ്രദ്ധ ആകർഷിച്ച അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് യാതൊരു തരത്തിലുള്ള കോട്ടവും തട്ടാതെ ആയിരിക്കണം വൈദ്യുതി ഉൽപ്പാദനം നടത്തേണ്ടത് എന്നുള്ള കാര്യത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഉറച്ച് നിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും.

ശ്രീ. രാജു എബ്രഹാം: സർ, വാഗമൺ ടൂറിസ്റ്റുകളുടെ ഒരു പറുദീസയാണ്. വനം, കൃഷി, റവന്യൂ വകുപ്പുകളെല്ലാം ഒരുമിച്ചാൽ വാഗമൺ സ്വർഗ്ഗമാകും. പക്ഷേ ഇവിടെ 200 കോടിയിലധികം രൂപ വിലമതിക്കുന്ന രണ്ടായിരത്തിൽപ്പരം ഏക്കർ സ്ഥലം ടൂറിസം വകുപ്പിന്റേത് വിവിധ ആളുകൾ കൈവശം വച്ചിരിക്കുകയാണ്. മൂന്ന് സെക്രട്ടറിമാർ നടത്തിയ പരിശോധനയിൽ ഇതിൽ 84 എണ്ണം വ്യാജ പട്ടയങ്ങളാണെന്ന് കണ്ടെത്തുകയുണ്ടായി. ഈ ഭൂമി പിടിച്ചെടുത്തുകൊണ്ട് കേരള ടൂറിസം വകുപ്പ് അവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇത് മൂലചോദ്യവുമായി ബന്ധമുള്ള ചോദ്യമല്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് പരിശോധന നടത്തിയിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, പ്രകൃതിമനോഹരമായ കേരളത്തിന്റെ ടൂറിസ്റ്റ് സാദ്ധ്യതകളെ പരിപൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. എന്റെ സ്നേഹിതൻ ശ്രീ. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച കലാമണ്ഡലം അടക്കം വള്ളുവനാട്ടിലെ നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച നാറാണത്തുഭ്രാന്തൻ കല്ലുരുട്ടി കയറ്റിയ രായിരനെല്ലൂർ മലയടക്കം ഉള്ള സ്ഥലങ്ങളും കഥകളിയുടെയും കൂടിയാട്ടത്തിന്റെയുമൊക്കെ സ്ഥലമായ വള്ളുവനാട്ടിലെ വെള്ളിയാങ്കല്ല് പൂർത്തിയായി കഴിഞ്ഞാൽ ഒരു തടാകം രൂപപ്പെടാൻ സാദ്ധ്യതയുണ്ട് നിരവധി വൈദ്യ കുടുംബങ്ങൾ—രജനീകാന്ത്, മോഹൻലാൽ, എം. പി. വീരേന്ദ്രകുമാർ, മാണി സാർ തുടങ്ങിയവർ വരെ ചികിത്സയ്ക്കെത്തുന്ന പുമുള്ളി വൈദ്യമഠമുള്ള ആ വൈദ്യ കുടുംബങ്ങളെയും എല്ലാം യോജിപ്പിച്ചുകൊണ്ട് വള്ളുവനാടിനെ ഒരു ടൂറിസ്റ്റ് മേഖലയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ നേരത്തെ പറഞ്ഞു. കേരളമാകെ പ്രകൃതിരമണീയമാണ്. പ്രത്യേകിച്ച് വള്ളുവനാട് വളരെ പ്രകൃതിരമണീയമാണ്. വള്ളുവനാട്ടിന്റെ കാര്യത്തിൽ മെമ്പർക്കുള്ള താൽപ്പര്യം മറ്റ് പലർക്കുമുണ്ട്. അതുകൊണ്ട് തീർച്ചയായും ഈ പരിപാടികൾ അവിടെയും നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, നിർദ്ദിഷ്ട ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരുപാട് കേന്ദ്രങ്ങളുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ അനന്തപുരം ക്ഷേത്രം കേരളത്തിലെ തന്നെ ഏറ്റവും മനോഹരവും പ്രകൃതിരമണീയമായ പ്രദേശത്തുള്ള ക്ഷേത്രമാണ്. അതുപോലെ രണ്ട് പ്രധാനപ്പെട്ട കോട്ടകൾ, കവിതകളിലും ചരിത്രത്തിലുമെല്ലാം ഒരുപാട് പരാമർശം നടത്തിയിട്ടുള്ള ചന്ദ്രഗിരി കോട്ട. അതുപോലെ ഹൊസ്ദുർഗ്ഗിന് ആ പേര് വരാൻ തന്നെ കാരണം ഇക്കേരിനായ്ക്കൻമാരുടെ കോട്ട അവിടെയുള്ളതുകൊണ്ടാണ്. ഈ രണ്ട് കോട്ടകളും നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം കൂടിയോജിപ്പിച്ചുകൊണ്ട് ബേക്കലിൽ വരുന്ന സഞ്ചാരികൾക്കടക്കം സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ടൂറിസം വകുപ്പ് ആലോചിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, കോട്ടകളും ചരിത്രസ്മാരകങ്ങളുമൊക്കെ സംരക്ഷിക്കുന്നത് പുരാവസ്തു വകുപ്പാണ്. കോട്ടകൾ സംരക്ഷിക്കുന്ന കാര്യം പുരാവസ്തു വകുപ്പിന്റെ ചുമതലയുള്ള മന്ത്രി തീർച്ചയായിട്ടും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഹൈഡൽ ടൂറിസത്തിൽ ഇടുക്കിയുടെ പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും വ്യക്തമായി. ഇടുക്കി ആർച്ച് ഡാം സന്ദർശിക്കുന്ന ഇടുക്കി റിസർവോയറിൽ ബോട്ടിംഗ് നടത്തുന്നതിനുവേണ്ടി ഓണം, ക്രിസ്തുമസ് സീസണിൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യം എടുത്ത് അവിടെ താമസിക്കുന്നതിനുള്ള സൗകര്യമൊരുക്കി. ഈ സീസണിൽ മാത്രമായി, 12 ദിവസം കൊണ്ട്, 32,000 ആളുകൾ അവിടെ എത്തിച്ചേരുകയും 3,35,000-ത്തോളം രൂപ ഗവൺമെന്റിന് ആ നിലയിൽ വരുമാനമായി ലഭിക്കുകയും ചെയ്തു. പക്ഷേ ശേഷിക്കുന്ന പ്രശ്നം, അവിടെ ആർച്ച് ഡാം സന്ദർശിക്കുന്നതിനു നിയമപരമായ തടസ്സം നിലനിൽക്കുന്നു എന്നാണ് അറിയാൻ കഴിയുന്നത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ വളരെ ആവശ്യമാണ്. അതിനുവേണ്ടി ടൂറിസം മന്ത്രി തന്നെ മുൻകയ്യെടുത്ത് ഫോറസ്റ്റ് മന്ത്രിയുടെയും ഇലക്ട്രിസിറ്റി മന്ത്രിയുടെയും നേതൃത്വത്തിൽ ഒരു യോഗം ചേർന്നിരുന്നു. അതുപോലെതന്നെ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും നിലനിർത്തിക്കൊണ്ടു പോകുന്നതിനും ആവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ വിവിധ മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം അടിയന്തിരമായി വിളിച്ചുചേർത്ത് ഇടുക്കിയിൽ ടൂറിസത്തിന് ആവശ്യമായ പരിഗണന നൽകാൻ ഈ ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ മന്ത്രിമാരുടെ ഉന്നതതല യോഗം കൂടി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിരുന്നു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമെങ്കിൽ ഇത്തരം ഉന്നതതല ചർച്ചകൾ വീണ്ടും നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ നീലലോഹിതദാസൻ നാടാർ: സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങൾ, കോവളം ഉൾപ്പെടെ തെക്കോട്ട് പൊഴിയൂർ വരെയുള്ള പ്രദേശങ്ങൾ ടൂറിസത്തിന്റെ വികസനത്തിന് അനന്തമായ സാധ്യതയുള്ള മേഖലയാണ്. അവിടെ അനുഭവപ്പെടുന്ന ഏറ്റവും പ്രധാനമായ പ്രശ്നം കുടിവെള്ള ക്ഷാമമാണ്. ടൂറിസ്റ്റുകൾക്ക് പോലും കുടിവെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഈ പ്രശ്നം പലതവണ ടൂറിസം വകുപ്പ് മുൻകൈ എടുത്ത് ചർച്ച ചെയ്യുകയും ആ പ്രദേശത്ത് ടൂറിസം വകുപ്പിന്റെ ധനസഹായത്തിൽ ഒരു വാട്ടർസപ്ലൈ സ്കീം, ടൂറിസം മേഖലയിലെ ശുദ്ധജല വിതരണത്തിനുവേണ്ടി, തയ്യാറാക്കുന്നതിനെക്കുറിച്ച് പലവട്ടം ചർച്ചകൾ നടന്നു പക്ഷേ മുന്നോട്ട് പോകുന്നില്ല. ആ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ടൂറിസം വകുപ്പ് ഗൗരവമായിത്തന്നെ കൈകാര്യം ചെയ്ത ഒരു വിഷയമാണിത്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കോവളം മുതലുള്ള പ്രദേശം വളരെയധികം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രകൃതി രമണീയമാണ്. അവിടെ ശുദ്ധജല പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ ടൂറിസം ഡിപ്പാർട്ടുമെന്റ് തുടരുന്നതാണ്.

ശ്രീ. കെ. സി വേണുഗോപാൽ: സർ, പടിഞ്ഞാറ് അറബിക്കടലും കിഴക്ക് വേമ്പനാട് കായലും ഇടയ്ക്ക് കനാലുകളും നിറഞ്ഞ കേരളത്തിലെ ഏറ്റവും പ്രകൃതിരമണീയമായ പ്രദേശമാണ് ആലപ്പുഴ. ബഹുമാനപ്പെട്ട അങ്ങ് പ്രതിനിധാനം ചെയ്യുന്ന ജില്ലയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ജില്ലയാണ്. ഏറ്റവും കൂടുതൽ വിദേശ സഞ്ചാരികൾ കടന്നുവരുന്ന പ്രദേശമാണ്. പക്ഷേ ഇന്ന് അടിസ്ഥാന സൗകര്യങ്ങളില്ലാതെ മാലിന്യ കൂമ്പാരങ്ങൾ കൊണ്ട് ആ നഗരം നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ടൂറിസം വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിൽ ഏതെങ്കിലും കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ ആദ്യം പരിഗണിക്കേണ്ടുന്ന പട്ടണം ആലപ്പുഴ പട്ടണമാണ്. ഈ ഗവൺമെന്റുതന്നെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 3-4 മന്ത്രിമാർ പങ്കെടുത്ത യോഗം വിളിച്ചുകൂട്ടി ആലപ്പുഴ നഗരത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നു ബഹുമാനപ്പെട്ട കെ. വി. തോമസ് മന്ത്രിയായിരുന്നപ്പോൾ പറഞ്ഞതാണ്. ആ നടപടികൾ എന്തായി എന്ന കാര്യം അങ്ങ് വിശദീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ആലപ്പുഴ പട്ടണത്തിന്റെ കനാലുകൾ, അതുപോലെതന്നെ വികസനം, വെള്ളം ശുദ്ധീകരണം നടത്തുന്നതിനുൾപ്പെടെയുള്ള വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആലപ്പുഴ പ്രധാനപ്പെട്ട ടൂറിസം മേഖലയായി മാറ്റുന്നതിന് ഒരു മാസ്റ്റർ പ്ലാൻ ഇതിനകംതന്നെ തയ്യാറാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ആലപ്പുഴ പട്ടണത്തിലെ തോടുകളും കനാലുകളും വൃത്തിയാക്കി വികസിപ്പിക്കുന്നതിന് ജലസേചന വകുപ്പിലൂടെ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യഘട്ടത്തിൽ മൊത്തം 150.25 ലക്ഷം രൂപ ചെലവ് വരുന്ന ഈ പദ്ധതി പൂർത്തിയായി വരികയാണ്. ടൂറിസം വികസനത്തിൽ ഊന്നി ആലപ്പുഴ പട്ടണത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ പുന്നമടയിൽ നെഹ്റു ട്രോഫി വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ പവലിയൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവിടെ ബോട്ട് ടെർമിനലിന്റെ നിർമ്മാണത്തിനും ബോട്ട് ജെട്ടിയുടെ നിർമ്മാണത്തിനും ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കായലുകളിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യനിർമ്മാർജ്ജനത്തിനു ബോട്ട് ടെർമിനലിനോടനുബന്ധിച്ച് ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലുള്ള പെരുവണ്ണാമൂഴി, കക്കയം ഈ മേഖലകൾ ഹൈഡൽ ടൂറിസത്തിന്റെ വികസനത്തിന് വലിയ വികാസസാധ്യതയുള്ള മേഖലകളാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി കഴിഞ്ഞ സഭയിൽ ടൂറിസത്തിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പെരുവണ്ണാമൂഴിയും കക്കയവും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഈ ടൂറിസ്റ്റ് വികസനം സാധ്യമാകണമെങ്കിൽ ഫോറസ്റ്റ്, ഇറിഗേഷൻ, ടൂറിസം എന്നീ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനം വേണം. സംസ്ഥാനതലത്തിലുള്ള ഒരു അപെക്സ് ബോഡിയെക്കുറിച്ചു ഇവിടെ പറഞ്ഞു. പ്രാദേശിക തലത്തിൽ ഇത്തരം ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനും സഹകരണമേഖലയ്ക്ക് കൊടുക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, സ്റ്റേറ്റ് തലത്തിലുള്ള കോ-ഓർഡിനേഷന്റെ ഭാഗമായി പ്രാദേശിക തലത്തിൽ കോ-ഓർഡിനേഷൻ ആവശ്യമാണെങ്കിൽ അതിന് ഈ കമ്മിറ്റിയിൽ ആലോചിച്ച് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, God's own country എന്നാണ് നമ്മുടെ നാടിനെ വിശേഷിപ്പിക്കുന്നത്. The place where sale get rejuvenated എന്നാണ് വർക്കലയെ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. വർക്കലയുടെ അനന്തമായ വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ സാക്ഷാൽക്കരിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാനിന് ഈ സർക്കാർ രൂപം നൽകുകയുണ്ടായി. നാറ്റ്പാക് 3 ലക്ഷം രൂപ ചെലവഴിച്ചു. അതിന്റെ പ്രസന്റേഷനൊക്കെ മന്ത്രിയുടേയും ഉദ്യോഗസ്ഥന്മാരുടേയും ഒക്കെ സാന്നിദ്ധ്യത്തിൽ നടന്നു എങ്കിലും കാര്യമായ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. Nature cure, അതുപോലെതന്നെ ആയുർവേദ ചികിൽസാ സംവിധാനങ്ങളും മറ്റ് സംവിധാനങ്ങളുമൊക്കെയുള്ള വർക്കലയുടെ സമഗ്ര വികസനത്തിനായി ഈ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്ന കാര്യം സർക്കാർ കാര്യമായി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, തീർച്ചയായിട്ടും വർക്കലയുടെ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ടൂറിസം ഡിപ്പാർട്ടുമെന്റ് സ്വീകരിക്കും. വർക്കല മനോഹരമാണ്. അദ്ദേഹം അതിന്റെ മനോഹാരിത പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ടാണ് പറഞ്ഞത്. അതുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ഇനി കാലതാമസം വരുത്തുകയില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ടൂറിസം എന്നാൽ വിദേശ വിനോദ സഞ്ചാരികൾ മാത്രമാണ് എന്ന ഒരു ധാരണ നമ്മുടെ ഇടയിൽ വ്യാപകമായി നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ടൂറിസം മാർക്കറ്റിംഗിനുവേണ്ടിയുള്ള പരസ്യങ്ങളും മറ്റും കൂടുതലും വിദേശ മീഡിയകളിലാണ് സാധാരണ നടക്കുന്നത്. എന്നാൽ ഡൊമസ്റ്റിക് ടൂറിസ്റ്റുകളെക്കൊണ്ടാണ് നമുക്ക് കൂടുതൽ വരുമാനമുള്ളത്. അവർ ഇവിടെ വരികയാണെങ്കിൽ ഷോപ്പിംഗ് നടത്തും. നല്ല ഹോട്ടലുകളിൽ താമസിക്കും. കൂടുതൽ പണം ഇവിടെ ചെലവഴിക്കും. അതുകൊണ്ട് ഈ ഡൊമസ്റ്റിക് ടൂറിസ്റ്റുകളെ ആകർഷിക്കാൻവേണ്ടി ഇന്ത്യയ്ക്കകത്തും കേരളത്തിനകത്തുമുള്ള മീഡിയകളിൽ പരസ്യം ചെയ്യാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇപ്പോൾത്തന്നെ നമ്മുടെ പരസ്യം അപര്യാപ്തമാണ്. വിദേശ ടൂറിസ്റ്റുകളെയാണ് കൂടുതലായി ആകർഷിക്കേണ്ടത്. ഡൊമസ്റ്റിക് ടൂറിസ്റ്റുകളെയും ആകർഷിക്കേണ്ടതുണ്ട്. രണ്ടിനും തുല്യപ്രാധാന്യമുണ്ട്. വിദേശത്തു നിന്നുവരുന്നവർ കൈനിറച്ച് പണവുമായിട്ടാണ് വരുന്നത്. അതുകൊണ്ട് നമുക്ക് വിദേശനാണ്യം ലഭിക്കും. ഡൊമസ്റ്റിക് ടൂറിസ്റ്റിന്റെ പരസ്യത്തിലും കൂടുതൽ ശ്രദ്ധവേണ്ടതാണ്. പക്ഷേ അതിനെല്ലാം ഫണ്ട് അലോട്ടുമെന്റിന്റെ അപര്യാപ്തതയുണ്ട്. ഡൊമസ്റ്റിക് ടൂറിസത്തിന് കൂടുതൽ പരസ്യം നൽകുന്നതിന് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ടൂറിസം രംഗത്ത് പുതിയ കാഴ്ചപ്പാടുണ്ടായാൽ സാമ്പത്തിക രംഗത്തുതന്നെ വലിയ മാറ്റം ഉണ്ടാക്കാവുന്ന വലിയ മേഖലയാണ് ടൂറിസം. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട കെ. വി. തോമസ് ടൂറിസം വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ടൂറിസം രംഗത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു റോഡ് നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയും ഒന്നിച്ചിരുന്ന് ഒരു ചർച്ച നടത്തുകയുണ്ടായി. തുടർന്ന് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ, അവർക്ക് എത്തിച്ചേരുവാൻ തെന്മല-അച്ചൻകോവിൽ-കോന്നി-തണ്ണിത്തോടുവഴി ശബരിമലയ്ക്ക് പോകുവാനുള്ള ഒരു പാത നന്നാക്കുന്നതിന്റെ കാര്യമാണ് അന്ന് ചർച്ച ചെയ്തത്. ആ ചർച്ചയുടെ ബാക്കി നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിന് പ്രാധാന്യം കൊടുത്തുകൊണ്ട് ആ റോഡ് നന്നാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ടൂറിസം വകുപ്പ് മുൻകൈയെടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട കെ. വി. തോമസ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ ഇതുപോലുള്ള പല നല്ല പദ്ധതികളും കായംകുളത്ത് ഉൾപ്പെടെ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോന്നി മെമ്പർ പറഞ്ഞ ആ റോഡിന്റെ പണി നിലച്ചുപോകാതിരിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. കുമാരൻ: സർ, സംസ്ഥാനത്തെ ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് പാട്ടത്തിന് കൊടുത്തതെന്നറിയണം. അത് പറയാൻ കാരണം എന്റെ നിയോജക മണ്ഡലത്തിലെ ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള കാണിപുരം ടൂറിസ്റ്റ് കേന്ദ്രം 2004 ഏപ്രിൽ മാസത്തിൽ ഒരു സ്വകാര്യ വ്യക്തിക്ക് പാട്ടത്തിന് കൊടുത്തതായി അറിയപ്പെടുന്നു. അതുകൊണ്ട് ആ ടൂറിസ്റ്റ് കേന്ദ്രത്തിൽ കെയർടേക്കറായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ശ്രീ. മധുസൂദനൻ എന്നു പറയുന്ന വ്യക്തി അവിടെ സത്യാഗ്രഹത്തിലാണ്. അതുകൊണ്ട് ഈ പാട്ടത്തിന് കൊടുത്ത ടൂറിസ്റ്റ് കേന്ദ്രം ഒഴിവാക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇത് പ്രത്യേകം നോട്ടീസ് വേണ്ട ചോദ്യമാണ്. അങ്ങ് പറഞ്ഞ് കേന്ദ്രം പാട്ടത്തിന് കൊടുത്തോ ഇല്ലയോ എന്ന് പരിശോധിച്ചിട്ട് അതിന് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നെല്ലിയാമ്പതി പാവപ്പെട്ട ആളുകളുടെ ഊട്ടിയാണ്. അവിടുത്തെ വികസനത്തിന് റോഡും വൈദ്യുതിയും അത്യന്താപേക്ഷിതമാണ്. ടൂറിസം വികസനത്തിന് സാമ്പത്തിക പോരായ്മയാണ് പ്രധാന ഘടകം എന്ന് പലപ്പോഴായി ഇവിടെ പറഞ്ഞെങ്കിലും 2001-ൽ നബാർഡിന്റെ 25 കോടി രൂപ സഹായം നെന്മാറ-നെല്ലിയാമ്പതി റോഡിന് അനുവദിച്ചിട്ടുണ്ട്. വളരെ മന്ദഗതിയിലാണ് അതിന്റെ പ്രവർത്തനം നടന്നുവരുന്നത്. അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും നെല്ലിയാമ്പതിയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച 33 കെ. വി. സബ്സ്റ്റേഷന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി ടൂറിസം വകുപ്പിൽ നിന്നുകൂടി ഉണ്ടാകുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, പി.ഡബ്ല്യു.ഡി. വകുപ്പും ഇലക്ട്രിസിറ്റി ബോർഡും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. അത് ഈ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഞാൻ നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പ്രധാനപ്പെട്ട ടൂറിസം സ്പോട്ടുള്ള ഒരു മണ്ഡലമാണ് എന്റേത്. അന്താരാഷ്ട്ര പ്രസിദ്ധിയുള്ള ടൂറിസം വികസന കേന്ദ്രം. ഹൈഡൽ ടൂറിസത്തിന് ഒരുപാട് വികസന സാദ്ധ്യതയുള്ളതാണ്. പക്ഷേ കഴിഞ്ഞ മൂന്നു കൊല്ലമായി തീർത്തും ബേക്കലിനെ അവഗണിക്കുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. ആവശ്യമായ പണം കൊടുക്കുന്നില്ല. അടിസ്ഥാന വികസന സൗകര്യങ്ങൾ ഉണ്ടാക്കുന്നില്ല. അതിന്റെ ഭാഗമായി അവഗണിക്കപ്പെട്ടു കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ബി.ആർ.ഡി.സി. മുൻകയ്യെടുത്തുകൊണ്ട് ഒരു ഡാം നിർമ്മിച്ചു. ആ ഡാമിനോട് അനുബന്ധിച്ച് ടൂറിസം വികസനത്തിന് ആവശ്യമായ എല്ലാ സാദ്ധ്യതകളുമുണ്ട്. ആ സാദ്ധ്യത ഉപയോഗപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അത് പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തിരയും തീരവും ചുംബിച്ചുറങ്ങുന്ന നമ്മുടെ കടലോരങ്ങൾ അതീവ സുന്ദരങ്ങളാണ്. കഴിഞ്ഞ ഡിസംബറിൽ നാട്ടിക ബീച്ചിലും ആലപ്പുഴ ബീച്ചിലും അതിമനോഹരമായ ബീച്ച് ഫെസ്റ്റിവൽ നടത്തിയിരുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള നിരവധി ടൂറിസ്റ്റുകളെ ആകർഷിച്ച നാട്ടിക ബീച്ച് ഫെസ്റ്റിവൽ അടുത്ത ഡിസംബറിൽ നടത്തുന്നതിന് ആവശ്യമായ സഹായം നല്കി ഡി.ടി.പി.സി.-യുടെകൂടി മേൽനോട്ടത്തിൽ നടത്തുവാൻ ടൂറിസം ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകം താല്പര്യമെടുത്തു നടത്തിയ നാട്ടിക ബീച്ച് ഫെസ്റ്റിവൽ വളരെ ഭംഗിയായിരുന്നു. വീണ്ടും അത് നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ *2 [402].

ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ നടപടി

*2 [402] ശ്രീ. എ. സുജനപാൽ :
,, കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെയ്യുന്ന മഴവെള്ളം ഭൂമിയിൽ താഴ്ത്തി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്;

(ബി) ഇക്കാര്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുവാൻ എന്തെല്ലാം നടപടികളെടുത്തു എന്നറിയിക്കാമോ;

(സി) ഗവൺമെന്റ് വക ഭൂമിയിൽ വീഴുന്ന മഴവെള്ളം ഭൂമിയിലേക്ക് താഴുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly